മിഷൻ. മിഷന്റെ ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങളാരംഭിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അദ്ധ്യാപകർക്കുള്ള പരിശീലനങ്ങളും പഠന സാമഗ്രികളും പഠനപ്രവർത്തനങ്ങൾക്കു വേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകിവരുന്നു. മലയാളം മിഷന്റെ ദേശീയ പാഠ്യപദ്ധതി പ്രകാരമുള്ള കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നീ നാല് പാഠപുസ്തകങ്ങളിലൂടെ പത്തുവർഷം നീണ്ടുനിൽക്കുന്ന പഠനത്തിൽ കൂടി കേരളത്തിലെ പത്താംക്ലാസിന്റെ നിലവാരത്തിന് തുല്യമായ നിലയിലേക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതിയാവിഷ്കരിച്ചിട്ടുള്ളത്. മലയാളം മിഷൻ പഠനകേന്ദ്രങ്ങളിലൂടെ പ്രവാസി മലയാളി കുട്ടികൾക്ക് മലയാളം മിഷന്റെ കോഴ്സ് പൂർത്തിയാകുന്നമുറയ്ക്ക് പരീക്ഷകൾ നടത്തുകയും മൂല്യനിർണ്ണയം നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്യുവരുന്നു.

(സി&ഡി) പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും പഠനകേന്ദ്രങ്ങൾക്ക് സഹായങ്ങൾ നൽകുന്ന കാര്യങ്ങളുൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മലയാളം മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക്

11 (*281) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിൽ വൈദ്യുതി നിരക്ക് കുത്തനെ വർദ്ധിപ്പിച്ച നടപടി കർഷക സമൂഹത്തെ എത്തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കാർഷിക മേഖലയിൽ ഊർജ്ജത്തിന്റെ ആവശ്യകത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധനയിൽനിന്നും പിന്തിരിയാൻ കൃഷി വകുപ്പ് സമ്മർദ്ദം ചെലുത്തുമോ ;

(സി) ഇല്ലെങ്കിൽ കർഷകർക്ക് ഈയിനത്തിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷിക മേഖലയിലെ വൈദ്യുതി നിരക്ക് വർദ്ധന കർഷക സമൂഹത്തെ ബാധിച്ചിട്ടില്ല. നിലവിൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം കർഷകർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് കൃഷി വകുപ്പാണ് വൈദ്യുതി ബോർഡിൽ ഒടുക്കിവരുന്നത്. ഇതുപ്രകാരം നെൽകർഷകരുടെ വൈദ്യുതി ചാർജ് ഭൂപരിധി ബാധകമാക്കാതെയും മറ്റു വിളകളുടെ കൃഷിക്ക് പരമാവധി 2 ഹെക്ടർ വരെയും വൈദ്യുതി സൗജന്യം കൃഷി വകുപ്പ് നൽകി വരുന്നുണ്ട്.

(ബി) 2013-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കാർഷിക മേഖലയിലെ വൈദ്യുതി കണക്ഷനുകളെ വിവിധ കാറ്റഗറികളിലായി തരം തിരിക്കുകയും ഭക്ഷ്യ വിളകൾക്കും മറ്റ് കൃഷികൾക്കും വിവിധ താരിഫ് നിരക്കുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിലെ വൈദ്യുതി ചാർജ് വർദ്ധന പുനഃപരിശോധിക്കുന്ന കാര്യം ഊർജ്ജ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) കൃഷി വകുപ്പ് നിലവിൽ കാർഷിക വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം കർഷകർക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

12 (*282) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ചെലവഴിക്കലിൽ, 2012-13 ലാണ് ഉല്പാദന മേഖലയിൽ ഏറ്റവും കുറവ് സംഭവിച്ചതെന്ന എ.ജി.-യുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉല്പാദന മേഖലയായ കൃഷി, മൃഗസംരക്ഷണം എന്നിവ തഴയപ്പെടുന്നത് സംബന്ധിച്ച നിലപാട് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly